LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് മെഡിക്കൽ കോളേജ്

85 (4888) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പണികൾക്കുള്ള ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ പണികൾക്കുള്ള കോൺട്രാക്ട് നൽകിക്കഴിഞ്ഞു എന്നും എന്നത്തേക്ക് പണികൾ ആരംഭിക്കാനാവുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമെന്ന നിലയിൽ ആശുപത്രിയുടെയും അക്കാദമിക് ബ്ലോക്കിന്റെയും അതുമായി ബന്ധപ്പെട്ട മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുമായി ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് M/s സിർകോ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്, തെലങ്കാനയാണ്. ടി ടെണ്ടർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രോജക്ട് ഏരിയായിലെ റോഡുകളുടെയും കുഴൽ കിണറിന്റെയും നിർമ്മാണം കരാർ പ്രകാരം പൂർത്തിയായിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

86 (4889) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?